## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1225 30.09.2016 ൽ മറുപടിയ്ക്ക്

### മോട്ടോർ വാഹന വകുപ്പിലെ അഴിമതി

ചോദ്യം ഉത്തരം

ശ്രീ. ടി.വി. ഇബ്രാഹിം

ശ്രീ.എ.കെ.ശശീന്ദ്രൻ
(ഗതാഗത വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | മോട്ടോർ വാഹന വകുപ്പിൽ അഴിമതി തടയുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ; | (എ) | മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകൾ അഴിമതി വിമുക്തമാക്കുന്നതിന് വകുപ്പ് നിരവധി പദ്ധതികൾ രൂപകൽപ്പന ചെയ്ത് നടപ്പിലാക്കി വരുന്നു. ഏജന്റുമാരെയും ഇടനിലക്കാരെയും ഒഴിവാക്കുന്നതിന് വേണ്ടി വകുപ്പിന്റെ പൂർണ്ണമായ കമ്പ്യൂട്ടർവൽക്കരണം, എല്ലാ സർവ്വീസും എല്ലാ കൗണ്ടറിലും ലഭ്യമാക്കൽ, വെബ് സൈറ്റ്, സ്പീഡ് പോസ്റ്റ് സംവിധാനം, കോൾ സെന്റർ, ഫാസ്റ്റ് ട്രാക്ക് കൗണ്ടർ സംവിധാനം, മൊബൈൽ ഗവേണൻസ്, ഓൺലൈൻ ആപ്ലിക്കേഷൻ, ഇ-പേയ് മെന്റ് മുതലായ പദ്ധതികൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇടനിലക്കാരെ ഒഴിവാക്കുന്നതിനായി വകുപ്പുതലത്തിൽ നിർദ്ദേശങ്ങളും സർക്കുലറുകളും കാലാകാലങ്ങളായി പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അടിക്കടി പരിശോധന നടത്തി ലഭ്യമാക്കുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ, ക്രമക്കേടുകൾ കാട്ടുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.<br>മോട്ടോർ വാഹന വകുപ്പിന്റെ 25 ഇനം സേവനങ്ങൾക്കുള്ള ഫീസ് ഇപ്പോൾ ഓൺലൈനായി അടയ്ക്കാവുന്നതാണ്. കൂടാതെ പുതിയ സ്വകാര്യ വാഹനങ്ങളുടെ നികുതിയും ഓൺലൈനായി അടയ്ക്കാവുന്നതാണ്. ഡ്രൈവിംഗ് ടെസ്റ്റിനുള്ള തീയതി |

| | | | |
|---|---|---|---|
| | | | അപേക്ഷകന് ഓൺലൈനായി തിരഞ്ഞെടുക്കാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.<br>പാറശ്ശാല, ചേവായൂർ, ഇളവായൂർ എന്നിവിടങ്ങളിൽ കമ്പ്യൂട്ടറൈസ്ഡ് വാഹന പരിശോധനാ കേന്ദ്രവും ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ മുട്ടത്തറ, മോനിപ്പള്ളി, ആരക്കുഴ എന്നിവിടങ്ങളിൽ ഇത്തരം സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിനുള്ള പണികൾ പുരോഗമിച്ചു വരുന്നു.<br>റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുമായി ബന്ധപ്പെട്ട പരാതികളും ഇടനിലക്കാർ ബന്ധപ്പെട്ട അഴിമതികളും അറിയിക്കുന്നതിന് ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ പരാതി പരിഹാര സെൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വകുപ്പിൽ ഇന്റേണൽ ഡിപ്പാർട്ട്മെന്റ് വിജിലൻസും പ്രവർത്തിക്കുന്നുണ്ട്.<br>സംസ്ഥാനത്തെ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും, സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും, 19 ചെക്ക് പോസ്റ്റുകളിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിന് കെൽട്രോൺ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ടി. നിർദ്ദേശങ്ങൾ മോട്ടോർ വാഹന വകുപ്പിൽ രൂപീകരിച്ച സാങ്കേതിക സമിതിയുടെ പരിഗണനയിലാണ്. സാങ്കേതിക സമിതിയുടെ അനുമതി ലഭ്യമാക്കി പദ്ധതി ഉടൻ തന്നെ നടപ്പിലാക്കുന്നതാണ്. |
| (ബി) | നിലവിലെ സർക്കാർ വന്നതിനു ശേഷം ഇത്തരത്തിൽ എത്ര അഴിമതി കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; വ്യക്തമാക്കാമോ ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 4 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ